മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

എഡിറ്റോറിയൽ

## ഭൂതവും ഭാവിയും നോക്കി സാഹിത്യത്തിന്റെ വർത്തമാനം പറയാൻ

ഭൂതകാലസ്മരണകളും ഭാവിയുടെ പ്രതീക്ഷകളും ചേർത്ത് നിർമ്മിച്ചെടുക്കുന്ന സജീവമായൊരു വർത്തമാനമാണ് സാഹിത്യാദികലകൾ. കേവലം ‘കലാപരമായൊരു അനുഭവ’മെന്നതിനേക്കാളുപരി സമൂഹത്തിൽ നിലനിൽക്കുന്ന അധികാരബന്ധങ്ങൾ, പ്രതിരോധങ്ങൾ, പുനർനിർവചിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ചരിത്രഭാഷണങ്ങൾ, സാംസ്കാരിക അടയാളങ്ങൾ എന്നിവയുമായി നിരന്തര ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയപ്രവർത്തനം കൂടിയാവുന്നു അവ. അതിൽത്തന്നെ എഴുത്തും വായനയും തമ്മിലുള്ള നിരന്തര സംഘർഷങ്ങളെയും ഭാഷയും ആശയവും കടന്നുപോവുന്ന സങ്കീർണമായ സാമൂഹിക-രാഷ്ട്രീയ സഞ്ചാരപാതകളെയും സൂക്ഷ്മവിശകലനങ്ങൾക്കു വിധേയമാക്കുന്ന സാഹിത്യാദികലാവിമർശനം, അക്കാദമിക-അനക്കാദമിക ചുറ്റുപാടുകളിൽ സാഹിത്യത്തെയും ഇതരകലകളെയും അതിന്റെ സൃഷ്ടിപരവും ഗവേഷണാത്മകവുമായ സാധ്യതകൾ കെട്ടുപോവാതെ പരിപാലിക്കുന്ന ഒന്നായിത്തീരുന്നു.

സാഹിത്യ, കലാസംബന്ധിയായ ഏതൊരു പഠനവും കഴിഞ്ഞകാലത്തിൽ ഉയർന്നുകേട്ടതും നിശബ്ദമാക്കപ്പെട്ടതുമായ എല്ലാത്തരം ശബ്ദങ്ങളെയും അനാവരണം ചെയ്യുന്നതിനോടൊപ്പം വരാനിരിക്കുന്ന ഭാവിയുടെ സാധ്യതകളെ തുറന്നുകാട്ടുന്നതുമായിരിക്കേണ്ടതുണ്ട്. അത്തരമൊരു ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് മലയാളം റിസേർച്ച് കീ എന്ന ഈ നവഗവേഷണ ജേർണൽ ജനിക്കുന്നത്.

സാഹിത്യത്തെയും കലകളെയും കേവലം കഥനമോ ആവിഷ്കാരമോ ആയി മാത്രം മനസ്സിലാക്കാതെ, സമൂഹത്തിന്റെ ചരിത്രപരവും സാംസ്കാരികവും രാഷ്ട്രീയവുമായ കാലാവസ്ഥകളോട് നിരന്തരമായി ഇടപെട്ടുകൊണ്ടിരിക്കുന്ന സങ്കീർണമായൊരു ആശയസഞ്ചാരമാണ് അവയെന്ന് തിരിച്ചറിയുക എന്ന വിമർശനാത്മക ഉത്തരവാദിത്തംകൂടി ഇതിലൂടെ സാധ്യമാക്കപ്പെടുന്നു. സാഹിത്യാദികലാവിമർശനത്തിന്റെ പുതിയ സിദ്ധാന്തങ്ങൾ, പോസ്റ്റ് കൊളോണിയൽ സമീപനങ്ങൾ, പാരിസ്ഥിതിക-ദളിത്-സ്ത്രീവാദ വിമർശനങ്ങളിലെ നവീന വഴിത്തിരിവുകൾ, ലോകമൊരൊറ്റ വ്യാവസായിക മാർക്കെറ്റെന്ന ആഗോളവത്ക്കരണ സാധ്യതയുടെ മാറുന്ന ചൂഷണോപാധികൾ, ക്വീർ സിദ്ധാന്തത്തിന്റെ പുതുകാല വ്യാഖ്യാന സാധ്യതകൾ, സംസ്കാരപഠനത്തിന്റെ പുതുകാലവ്യാപ്തികൾ, പാഠം, സ്വത്വം, ലിംഗം, വർഗം, രാഷ്ട്രീയം തുടങ്ങിയവയുടെ അതിരുകളെ സംബന്ധിച്ചുള്ള നവീന നിർവചനങ്ങൾ എന്നിങ്ങനെ സാഹിത്യാദികലാവർത്തമാനങ്ങൾക്കു സാധ്യമായതെന്തിനേയും സംബന്ധിച്ചുള്ള തുറന്നചർച്ചയ്ക്കുള്ള ഇടമെന്ന നിലയിലാണ് മലയാളം റിസേർച്ച് കീ എന്ന ജേർണൽ പുറത്തിറങ്ങുന്നത്.

എല്ലാ അർത്ഥത്തിലും ‘സ്വയംപര്യാപ്തമായ’ ഒന്ന് എന്ന നിലയിൽ അടഞ്ഞൊരു വ്യവസ്ഥയായിട്ടല്ലാതെ സാമൂഹികമായും രാഷ്ട്രീയമായും നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സാംസ്കാരിക സാഹചര്യങ്ങളിൽ, സാഹിത്യവും കലയും എങ്ങനെ പെരുമാറപ്പെടുന്നുവെന്ന ചിന്തയെ മുൻനിർത്തി ഒരു വിമർശനാത്മക സംവാദത്തിനുള്ള സാധ്യതയാണ് ജേർണലിലൂടെ മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിക്കുന്നത്.

ഗവേഷകരും അധ്യാപകരും അവരുടെ സൈദ്ധാന്തികവും വിമർശനാത്മകവുമായ സാഹിത്യകലാവർത്തമാനങ്ങളെ പങ്കുവയ്ക്കാനും സാഹിത്യത്തിന്റെയും കലകളുടെയും ദൃശ്യാതീതമായ പലതലങ്ങളെയും അനാവരണം ചെയ്യുന്നതിനും ഈ വേദി പ്രയോജനപ്പെടുത്തുമെന്നും അതിലൂടെ സാഹിത്യാദികലാരൂപങ്ങളുടെ ഭാവിയെ കൂടുതൽ വിശാലവും വൈവിധ്യമാർന്നതുമായ വഴികളിലേക്ക് നയിക്കുകയും വിമർശനപഠനത്തിന് പുതിയ അളവുകോലുകൾ നിർദ്ദേശിക്കുകയും ചെയ്യുമെന്നുമാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. സാഹിത്യവും കലയും വിമർശനപഠനവും ചേർന്നു നിർമ്മിക്കുന്ന നവീനമായ ജ്ഞാനോല്പാദനഭൂമിക സമൂഹത്തിന്റെ വിമർശനാത്മകബോധത്തെ കൂടുതൽ സമ്പുഷ്ടമാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

**» മലയാളം റിസേർച്ച് കീ ടീം**